**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4779** **11-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. യിലേക്ക് വിവിധ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള ചട്ടപ്രകാരം നിയമന ശിപാർശ നൽകേണ്ട സമയപരിധി വ്യക്തമാക്കുമോ; | (എ) | നിശ്ചയിച്ചിട്ടില്ല. |
| (ബി) | റാങ്ക് പട്ടികയിലെ നിയമനത്തിൻമേൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും തരത്തിലുള്ള സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോടതി നടപടികൾ നിയമന ശിപാർശകളെ ദോഷകരമായി ബാധിക്കുന്ന അവസരങ്ങളിൽ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനും സ്റ്റേ vacate ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ പി.എസ്.സി-യുടെ ലീഗൽ റീറ്റൈനർക്ക് കത്ത് നൽകുകയാണ് കമ്മീഷൻ സ്വീകരിക്കുന്ന നടപടി ക്രമം. |
| (സി) | തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ തസ്തികയിലേക്ക് 18.09.2019-ൽ റിപ്പോർട്ട് ചെയ്തിരുന്ന 47 ഒഴിവുകളിലെ നിയമന ശിപാർശ തടയുന്നതുമായി ബന്ധപ്പെട്ട് ഹർജി നൽകിയവർ നിയമന ശിപാർശ തടസ്സപ്പെടുത്തുന്നതിന് ഉന്നയിച്ച തടസ്സവാദം എന്താണ്; ഈ ഹർജിക്കാർക്ക് ഇതേ തസ്തികയിലേക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതാണോ; ഇല്ലെങ്കിൽ സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്ടതല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്ടതുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റൈനർക്ക് കത്ത് PSC നൽകിയിട്ടുണ്ട് |
| (ഡി) | യഥാസമയം സ്റ്റേ ഒഴിവാക്കി ഉദ്യോഗാർത്ഥികൾക്ക് | (ഡി) | തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ |

| | | | |
|---|---|---|---|
| | നിയമന ശിപാർശ നൽകാത്തത് റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സമയബന്ധിതമായി നിയമനം നൽകുക എന്ന സർക്കാർ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; | | കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്ടതല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്ടതുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റൈനർക്ക് കത്ത് PSC നൽകിയിട്ടുണ്ട് |
| (ഇ) | റിപ്പോർട്ട് ചെയ്യപ്പെട്ട 47 ഒഴിവുകളിലേക്ക് അടിയന്തരമായി സ്റ്റേ ഒഴിവാക്കി നിയമന ശിപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്ടതല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്ടതുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റൈനർക്ക് കത്ത് PSC നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ